# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 സെപ്റ്റംബർ 04 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.Email.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## നാട്ടാനകളുടെ അനധികൃത കൈമാറ്റത്തിൽ കർശന നടപടി: ചീഫ് വൈൽഡ് ലൈഫ് വാർഡൻ

നാട്ടാനകളുടെ കച്ചവടവും കൈമാറ്റവും വനംവകുപ്പിന്റെ അനുമതിയോടെയും മാനദണ്ഡങ്ങൾക്കനുസൃതവുമായിട്ടായിരിക്കണമെന്നും ഇത് പാലിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്രകുമാർ അറിയിച്ചു. അടുത്ത കാലത്തായി ആനകളുടെ കൈമാറ്റവും വിൽപനയും വർധിച്ചു വരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആനകളുടെ അനധികൃത കൈമാറ്റവും പാട്ടത്തിന് നൽകലും അവയുടെ ജീവഹാനിക്കു തന്നെ കാരണമാകും വിധമുള്ള ദുരുപയോഗത്തിനു കാരണമാവുന്നു. കഴിഞ്ഞ ഒന്നരവർഷത്തിനുള്ളിൽ സംസ്ഥാനത്ത് മരണപ്പെട്ട 50 ലധികം ആനകളിലേറെയും ഇത്തരം കൈമാറ്റങ്ങൾക്ക് വിധേയമായിരുന്നതായി ബോധ്യപ്പെട്ട സാഹചര്യത്തിലാണ് വകുപ്പ് നിയമനടപടികൾ കർക്കശമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. രജിസ്റ്റർ ചെയ്ത ജില്ലയിൽ നിന്ന് ആനകളെ പുറത്തേക്ക് കൊണ്ടുപോകുന്ന സാഹചര്യങ്ങളിൽ എന്താവശ്യത്തിന്, എത്ര ദിവസത്തേക്ക് എവിടേക്ക് കൊണ്ടുപോകുന്നു എന്നത് സംബന്ധിച്ച് ഉടമ സാമൂഹ്യ വനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെ അറയിക്കണം. ഒറ്റത്തവണയായി പതിനഞ്ചു ദിവസത്തിൽ കൂടുതൽ സ്വന്തം ജില്ല വിട്ട് ആനകളെ മാറ്റി പാർപ്പിക്കാൻ പാടില്ല. പതിനഞ്ചു ദിവസത്തിലധികം മാറ്റി പാർപ്പിക്കേണ്ട സാഹചര്യങ്ങളിൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്ന് മുൻകൂർ അനുമതി വാങ്ങുകയും അവയ്ക്ക് മതിയായ സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ടെന്ന് ബോധ്യപ്പെടുത്തുകയും വേണമെന്നും അദ്ദേഹം അറിയിച്ചു.

## വ്യത്യസ്ത ചിന്താഗതിക്കാരെ ഇല്ലാതാക്കുന്നത് രാജ്യത്തിന് ഭൂഷണമല്ല: പ്രൊഫ. തോമസ് മാത്യു

വ്യത്യസ്തമായി ചിന്തിക്കുന്നവനെ വച്ചു പൊറുപ്പിക്കരുത് എന്നുള്ള വീക്ഷണഗതി ഒരു രാജ്യത്തിനും സംസ്കാരത്തിനും ഭൂഷണമല്ലെന്ന് പ്രമുഖ എഴുത്തുകാരൻ പ്രൊഫ. എം തോമസ് മാത്യു. തൃശൂർ പ്രസ്ക്ലബ് എം ആർ നായർ ഹാളിൽ 'ബഹുസ്വരത നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ കുററൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് സ്മാരകപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കാര്യം പറഞ്ഞാൽ അവനെ ജീവിക്കാനനുവദിക്കില്ലെന്നും നാടുകടത്തുമെന്നും ഒരു ലജ്ജയുമില്ലാതെ അധികാരികൾതന്നെ പറയുന്നത് അപകട സൂചനയാണ്.

ഒരു ശൈലിയും ഒരു പ്രതീകവും മാത്രം മതി, ഇത് മാറ്റിയാൽ അത്തരക്കാർ ഇവിടെ നിൽക്കേണ്ടവരല്ലെന്ന് പ്രചരിപ്പിക്കുന്നത് ആപൽക്കരമാണ്. സംവാദങ്ങളാണ് മനുഷ്യനെ യഥാർഥ മനുഷ്യനാക്കി മാറ്റുന്നത്. തന്റേത് മാത്രമാണ് ശരിയെന്നത് അസഹിഷ്ണുതയുടെ പച്ചയായ ലക്ഷണമാണ്. അസഹിഷ്ണുത എന്നത് സത്യാന്വേഷണത്തിന്റെ ബദ്ധശത്രുവും. ഞാൻ കാണുന്നതിനപ്പുറവും മറ്റൊരു സത്യമുണ്ടായിരിക്കാമെന്ന് മനസ്സിലാക്കാൻ നന്മയുള്ള മനസ്സുള്ളവർക്കേ കഴിയൂ.

സത്യത്തിന്റെയും ധർമത്തിന്റെയും പുതിയ വിതാനങ്ങൾ സൃഷ്ടിച്ചാണ് മനുഷ്യർ അർത്ഥവത്തായ വിപ്ലവങ്ങൾ നടത്തിയിട്ടുള്ളത്. വിപ്ലവമെന്നാൽ ബസിന് കല്ലെറിയലല്ല. വിപ്ലവം സത്യത്തിന്റെയും ധർമത്തിന്റെയും പ്രതീകങ്ങളാണ്. മഹാപ്രതിഭകളെ ഇല്ലാതാക്കാൻ

ശ്രമിക്കുന്നതും, അവരോട് രാജ്യം വിടാൻ പറയുന്നതും അസഹിഷ്ണുതയുടെ മൂർത്തീഭാവങ്ങളാണ്. കാലങ്ങളായി നമ്മുടെ രാജ്യത്ത് നിലനിന്നിരുന്ന സമാധന- സഹോദര്യ അന്തരീക്ഷം ആദർശങ്ങളിൽ ഉറച്ചുനിന്നുകൊണ്ടുള്ളതായിരുന്നു.

ഇന്ന് ആദർശങ്ങളെല്ലാം ഉപേക്ഷിച്ച് അടവുനയങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. ജനാധിപത്യമെന്നാൽ അടവുനയമല്ല, അത് മനുഷ്യനെ കുറിച്ചുള്ള സങ്കൽപ്പത്തിൽനിന്ന് ഉണ്ടാകേണ്ടതാണ്. ഞാൻ നിർദേശിക്കുന്നത് മതി, ഞാനാണ് സത്യത്തിന്റെ പ്രവാചകൻ എന്ന രീതിയിലുള്ള ചിന്ത ആപൽക്കരമാണ്. അത് ഇരുണ്ട കാലത്തേക്കാണ് നമ്മേ കൊണ്ടെത്തിക്കുന്നതെന്ന് തോമസ് മാത്യു പറഞ്ഞു.

കേരള മീഡിയ അക്കാദമിയുടെയും ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ മീഡിയ അക്കാദമി ജനറൽ കൗൺസിൽ അംഗം എം കെ കുര്യാക്കോസ് അധ്യക്ഷനായി. പി ചിത്രൻ നമ്പൂതിരിപ്പാട് അനുസ്മരണപ്രഭാഷണം നടത്തി. ഡോ. പി വി കൃഷ്ണൻനായർ, തൃശൂർ പ്രസ് ക്ലബ് പ്രസിഡന്റ് കെ പ്രഭാത് എന്നിവർ സംസാരിച്ചു. ഷൈനസ് മാർക്കോസ് സ്വാഗതവും സി ബി എസ് മണി നന്ദിയും പറഞ്ഞു.

## പി.ആർ.ഡി പ്രിസം:
## വാക് ഇൻ ഇൻറർവ്യു 17ന്

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രിസം പ്രൊജക്ടിലേക്ക് ജില്ലയിൽ സബ് എഡിറ്റർ, ഇൻഫർമേഷൻ അസിസ്റ്റൻറ്, കണ്ടൻറ് എഡിറ്റർ പാനൽ രൂപീകരിക്കുന്നതിന് വാക് ഇൻ ഇൻറർവ്യൂ നടത്തുന്നു. സെപ്റ്റംബർ 17ന് രാവിലെ 10.30 മുതൽ തൃശൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസിലാണ് ഇന്റർവ്യൂ. ഉദ്യോഗാർഥികൾക്ക് രാവിലെ എട്ടു മുതൽ 9.30 വരെ ഓഫീസിലെത്തി രജിസ്റ്റർ ചെയ്യാം. ബയോഡാറ്റയും അസൽ സർട്ടിഫിക്കറ്റും സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ഹാജരാവണം.

യോഗ്യത-സബ് എഡിറ്റർ: ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം പി.ജി. ഡിപ്ലോമയും അല്ലെങ്കിൽ ജേർണലിസം/മാസ് കമ്യൂണിക്കേഷനിൽ ബിരുദം. മാധ്യമ സ്ഥാപനങ്ങളിൽ മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം വേണം.

ഇൻഫർമേഷൻ അസിസ്റ്റൻറ്: ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം പി.ജി. ഡിപ്ലോമയും അല്ലെങ്കിൽ ജേർണലിസം/മാസ് കമ്യൂണിക്കേഷനിൽ ബിരുദം.

കണ്ടൻറ് എഡിറ്റർ: ഏതെങ്കിലും വിഷയത്തിൽ ബിരുദവും ജേർണലിസം പി.ജി. ഡിപ്ലോമയും അല്ലെങ്കിൽ ജേർണലിസം/മാസ് കമ്യൂണിക്കേഷനിൽ ബിരുദം. സമൂഹ മാധ്യമങ്ങളിൽ കണ്ടൻറ് ജനറേഷൻ, ഗ്രാഫിക് ഡിസൈൻ പരിചയം വേണം.

മൂന്നു വിഭാഗത്തിലും ജേർണലിസം/മാസ് കമ്യൂണിക്കേഷൻ പി.ജിയുള്ളവരെയും പരിഗണിക്കും. ഇവർക്കും പ്രവൃത്തി പരിചയം വേണം. കേരള പി.എസ്.സി മാനദണ്ഡപ്രകാരമുള്ള പ്രായപരിധി ബാധകം. ഒരാൾ ഒരു ജില്ലയിൽ മാത്രമേ അഭിമുഖത്തിൽ പങ്കെടുക്കാവൂ. ഒരാൾക്ക് ഒരു തസ്തികയിലേക്ക് മാത്രമേ അപേക്ഷിക്കാൻ അർഹതയുള്ളൂ. സബ് എഡിറ്റർക്ക് പ്രതിമാസം 19800 രൂപയും ഇൻഫർമേഷൻ അസിസ്റ്റൻറിനും കണ്ടൻറ് എഡിറ്റർക്കും പ്രതിമാസം 15400 രൂപയുമാണ് പ്രതിഫലം. കൂടുതൽ വിവരങ്ങൾ www.prd.kerala.gov.in എന്ന വെബ്സൈറ്റിലുണ്ട്.

## കാവിൽക്കടവ് പാർക്ക് നവീകരണത്തിന്
## 25 ലക്ഷം രൂപയുടെ ടെണ്ടറിന് അനുമതി

കൊടുങ്ങല്ലൂർ കാവിൽക്കടവിലെ നഗരസഭാ പാർക്ക് നവീകരണത്തിന് 25 ലക്ഷം രൂപയുടെ ടെണ്ടറിന് അനുമതി. അഡ്വ. വി. ആർ സുനിൽകുമാർ എംഎൽഎയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്ന പാർക്കിന്റെ ടെണ്ടറിന് നഗരസഭ കോൺഫറൻസ് ഹാളിൽ ചെയർമാൻ കെ.ആർ. ജൈത്രന്റെ അധ്യക്ഷതയിൽ ചേർന്ന കൗൺസിൽ യോഗത്തിലാണ് അംഗീകാരം നൽകിയത്. നവീകരണത്തിന്റെ ഭാഗമായി കുട്ടികൾക്കായി കൂടുതൽ കളിയുപകരണങ്ങൾ വാങ്ങും. നിലം പുല്ല് പാകി ഭംഗിയാക്കൽ, കൂടുതൽ പൂച്ചെടികൾ വെച്ചു പിടിപ്പിക്കൽ എന്നിവ നടത്തും. ചന്തപ്പുരയിലെ ദളവാക്കുളത്തിന് ചുറ്റും വിട്രിഫൈഡ് ടൈലുകൾ പാകിയതിനും കൈവരികൾ വെച്ചതിനും പുറമെ ഇരിപ്പിടങ്ങൾ, പൂച്ചെടികൾ, എൽ.ഇ.ഡി. ബൾബുകൾ എന്നിവ സ്ഥാപിച്ച് കൂടുതൽ ഭംഗിയാക്കും. 2019-20 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 59 പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടറുകൾക്കും അംഗീകാരമായി.

എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 18 ലക്ഷം രൂപ ചെലവിട്ട് നിർമ്മിക്കുന്ന താണിയത്ത് ടെമ്പിൾ റോഡ് നിർമ്മാണത്തിനും അനുമതി നൽകിയിട്ടുണ്ട്. മഴക്കെടുതിയിൽ ഇടിഞ്ഞു പോയ ആവില കോൺവെന്റിന് സമീപമുള്ള ശൃംഗപുരം തോടിന്റെ സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ഇറിഗേഷൻ വകുപ്പിനോട് ആവശ്യപ്പെടുവാനും കൗൺസിൽ യോഗത്തിൽ തീരുമാനമായി.

ഭരണപരിഷ്കാരത്തിന്റെ ഭാഗമായി നഗരസഭ ഓഫീസിൽ ഇനി മുതൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തും. ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പു വരുത്തുന്നതിനുമാണ് പുതിയ പരിഷ്കാരം. ബയോമെട്രിക് മെഷീനുകൾ വാങ്ങിയാണ് അറ്റൻഡൻസ് മാനേജ്മെന്റ് സംവിധാനം സ്ഥാപിക്കുക. യോഗത്തിൽ നഗരസഭയിലെ മൂന്ന് ലൈബ്രറികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സാംസ്കാരിക പ്രവർത്തകരെ ഉൾപ്പെടുത്തി ലൈബ്രറി ഉപദേശക സമിതിയും, പട്ടികജാതി മേഖലയിലെ വികസനപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് പട്ടികജാതി വിഭാഗത്തിൽ പെട്ട കൗൺസിലർമാരെ ഉൾപ്പെടുത്തി നിരീക്ഷണ കമ്മിറ്റിയും രൂപീകരിച്ചു.

## ഓണാവധിയിലും കുന്നംകുളം നഗരസഭ ഓഫീസ് തുറന്നു പ്രവർത്തിക്കും

ഓണാവധിയിലും ജോലി ചെയ്യാൻ തയ്യാറായി കുന്നംകുളം നഗരസഭ ഓഫീസ് ജീവനക്കാർ. സെപ്തംബർ 9, 13, 14 തിയ്യതികളിലും ഈ മാസം 21 നുമാണ് ഓഫീസ് തുറന്നു പ്രവർത്തിക്കുക. മുഴുവൻ ജീവനക്കാരും ഹാജരാകണമെന്ന് നഗരസഭ സെക്രട്ടറി കെ.കെ മനോജ് അറിയിച്ചു.

## കറവ പശുക്കൾക്ക് കാലിതീറ്റ വിതരണ പദ്ധതി ആരംഭിച്ചു

എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത് ക്ഷീര കർഷകർക്കായി നടപ്പിലാക്കുന്ന കറവ പശുക്കൾക്കായ് തീറ്റ എന്ന പദ്ധതിക്ക് തുടക്കമായി. 2019 - 20 വർഷത്തെ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ വിഭാത്തിലെ വനിതകൾക്കായി ആറ് ലക്ഷവും രൂപയും എസ്.സി വിഭാഗത്തിലെ വനിതകൾക്കായി 2.70 ലക്ഷം രൂപയുമാണ് ഇതിനായി പഞ്ചായത്ത് വകയിരുത്തിയിട്ടുള്ളത്. 130 ക്ഷീര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. പദ്ധതി എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മീന ശലമോൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് കെ. ഗോവിന്ദൻ കുട്ടി അധ്യക്ഷത വഹിച്ചു. സ്ഥിരം സമിതി അദ്ധ്യക്ഷരായ പ്രീതി സതീഷ്, എൻ.കെ. കബീർ പഞ്ചായത്ത് അംഗം അനിതാ വിൻസന്റ്, ഡോ: ജോഷി, എം കെ. നിഷ എന്നിവർ സംസാരിച്ചു.

## ടെണ്ടർ

മണ്ണുത്തി സംസ്ഥാന ബയോ കൺട്രോൾ ലാബിൽ മാലിന്യ നിർമാർജന പ്ലാന്റ് സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ഫോൺ: 0487-2374605.

## സ്റ്റാർട്ട്അപ് വായ്പ പദ്ധതി

സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട്അപ് സംരംഭം ആരംഭിക്കുന്നതിന് വായ്പ പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. പദ്ധതി പ്രകാരം 20 ലക്ഷം രൂപ വരെ വായ്പയായി ലഭിക്കും. അഞ്ച് ലക്ഷം രൂപ വരെ ആറ് ശതമാനം പലിശ നിരക്കിലും അതിനുമുകളിൽ 10 ലക്ഷം രൂപ വരെ എഴ് ശതമാനം പലിശ നിരക്കിലും 10 ലക്ഷം രൂപയ്ക്ക് മുകളിൽ എട്ട് ശതമാനം നിരക്കിലും വായ്പ അനുവദിക്കും. തിരിച്ചടവ് കാലയളവ് 84 മാസം വരെ. അപേക്ഷകർ ഒബിസി വിഭാഗത്തിൽപ്പെട്ടവരും എംബിബിഎസ്, ബിഡിഎസ്, ബിഎഎംഎസ്, ബിഎസ്എംഎസ്, ബിഎച്ച്എംഎസ്, ബിവിഎസ്സി, ബിഫാം, ബിഎസ്സി അഗ്രികൾച്ചർ, ഹോർട്ടികൾച്ചർ, ബയോടെക്നോളജി, ബിടെക്ക്, ബിആർക്ക്, എൽഎൽബി, ഫുഡ് ടെക്നോളജി, ഫൈൻ ആർട്ട്സ്, ഡയറി സയൻസ്, ഫിസിക്കൽ എഡ്യൂക്കേഷൻ, ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി എന്നീ പ്രൊഫഷണൽ കോഴ്സുകളിൽ ഏതെങ്കിലും ഒരെണ്ണം വിജയകരമായി പൂർത്തീകരിച്ചവരുമായിരിക്കണം. പ്രായം 40 വയസ്സ് കവിയാൻ പാടില്ല.

ഈ പദ്ധതി പ്രകാരം മെഡിക്കൽ/ആയുർവേദ/ഹോമിയോ/സിദ്ധ/ദന്തൽ ക്ലിനിക്ക്, വെറ്റിനറി ക്ലിനിക്ക്, സിവിൽ എഞ്ചിനീയറിങ് കൺസൾട്ടൻസി, ആർക്കിടെക്ച്ചറൽ കൺസൾട്ടൻസി, ഫാർമസി, സോഫ്റ്റ് വെയർ ഡവലപ്പ്മെന്റ്, ഓർക്കിഡ് ഫാം, ടിഷ്യുകൾച്ചർ ഫാം, വീഡിയോ പ്രൊഡക്ഷൻ യൂണിറ്റ്, എഞ്ചിനീയറിങ് വർക്ക്ഷോപ്പ് തുടങ്ങി പ്രൊഫഷണൽ യോഗ്യതയുമായി ബന്ധപ്പെട്ട വരുമാനദായകമായ സംരംഭം ആരംഭിക്കുന്നതിന് വായ്പ ലഭിക്കും. പദ്ധതി അടങ്കലിന്റെ 95 ശതമാനം വരെ വായ്പ അനുവദിക്കും. ബാക്കി തുക ഗുണഭോക്താവ് കണ്ടെത്തണം. വായ്പ തുകയുടെ 20 ശതമാനം പിന്നോക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കും. സബ്സിഡി തുക അപേക്ഷകന്റെ വായ്പ അക്കൗണ്ടിൽ വരവ് വയ്ക്കും. സംരംഭകൻ സബ്സിഡി കഴിച്ചുള്ള തുകയും അതിന്റെ പലിശയും മാത്രമാണ് തിരിച്ചടയ്ക്കേണ്ടി വരുക.

താൽപര്യമുള്ളവർ www.ksbcdc.com എന്ന വെബ്സൈറ്റ് വഴി സെപ്റ്റംബർ 20 നകം രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്യുന്നവരെ സെപ്റ്റംബർ 30 നകം കോർപ്പറേഷൻ അഭിമുഖത്തിന് ക്ഷണിക്കും. അഭിമുഖം സംഘടിപ്പിക്കുന്ന തീയതി എസ്എംഎസ്/ഇ-മെയിൽ മുഖാന്തിരം അറിയിക്കും. ഫോൺ: 0471-2577359, 2577550.

## താലൂക്ക് വികസന സമിതി

മുകുന്ദപുരം താലൂക്ക് വികസന സമിതി യോഗം സെപ്റ്റംബർ എഴിന് രാവിലെ 10.30 ന് താലൂക്ക് കോൺഫറൻസ് ഹാളിൽ ചേരും.

## ജില്ലാ ആസൂത്രണ സമിതി

ജില്ലാ ആസൂത്രണ സമിതി യോഗം സെപ്റ്റംബർ എഴിന് ഉച്ച 2.30 ന് ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാളിൽ ചേരും.

## വൃദ്ധസദനത്തിൽ മരിച്ച അന്തേവാസിയുടെ ബന്ധുക്കളെ തേടുന്നു

വയനാട്ടിലെ വൃദ്ധമന്ദിരത്തിൽ മരിച്ച 78 വയസ്സ് പ്രായം തോന്നിക്കുന്ന അന്തേവാസിയുടെ ബന്ധുക്കളെ തേടുന്നു. നടവയൽ ഓശാന ഭവനിലെ അന്തേവാസിയായിരുന്ന വൃദ്ധനാണ് കഴിഞ്ഞ ദിവസം മരിച്ചത്. തൃശൂർ കുന്നംകുളത്താണ് ജനിച്ചതെന്നും അശോകൻ എന്നാണ് പേരെന്നും ഇയാൾ വൃദ്ധ മന്ദിരം അധികൃതരോട് പറഞ്ഞിരുന്നു. നേരത്തെ വയനാട് മുട്ടിൽ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ അനധികൃതമായി പ്രവർത്തിച്ചിരുന്ന 'ആകാശപറവ എന്ന ജോർദ്ധാർഭവൻ' വൃദ്ധമന്ദിരത്തിലായിരുന്നു. അനധികൃത മന്ദിരത്തിലെ താമസക്കാരെ വയനാട് ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയും സാമൂഹ്യനീതി വകുപ്പ് അധികൃതരും ഇടപെട്ട് മോചിപ്പിക്കുന്ന അവസരത്തിൽ ഇയാൾ വിംസ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഇവിടെ നിന്ന് ആഗസ്റ്റ് 19 ന് ഡിസ്ചാർജ് ചെയ്ത ശേഷം ഒശാന ഭവനിലേക്ക് മാറ്റുകയായിരുന്നു. സെപ്റ്റംബർ രണ്ടിന് രാത്രിയിലാണ് ഇയാൾ മരിച്ചത്. വിവരങ്ങൾ അറിയുന്നവർ മൂന്നു ദിവസത്തിനകം വയനാട് ജില്ലാ സാമൂഹ്യനീതി ഓഫീസുമായി ബന്ധപ്പെടണമെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർ അറിയിച്ചു. ഫോൺ: 04936 205307, 08281999014.

## നെൽവിത്ത് സംഭരണ കേന്ദ്രം തുറന്നു

തിരുവില്വാമല ഗ്രാമപഞ്ചായത്തിൽ കുറുമങ്ങാട് പാടശേഖരത്തിൽ തീണ്ടാപ്പാറയിൽ സ്ഥാപിച്ച കർഷക കുടിയിരിപ്പു കേന്ദ്രത്തിന്റെയും നെൽവിത്ത് സംഭരണ കേന്ദ്രത്തിന്റെയും ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് നിർവഹിച്ചു. തിരുവില്വാമല ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എം ആർ മണി അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് സിന്ധു സുരേഷ്, വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്മാരായ കെ ആർ സത്യൻ, കെ ആർ മനോജ്കുമാർ, സിന്ധുവിജയകുമാർ എന്നിവർ ആശംസ നേർന്നു. ദീപ എസ് നായർ സ്വാഗതവും പാടശേഖര സമിതി സെക്രട്ടറി പി രാമകൃഷ്ണൻ നന്ദിയും പറഞ്ഞു. 2017-18 ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ നിന്നും 10 ലക്ഷം രൂപ വകയിരുത്തി കൊണ്ടാണ് സംഭരണ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചത്.

# അദ്ധ്യാപക സംഗമവും മെഷീൻ വിതരണവും ആറിന്

ജില്ലാ പഞ്ചായത്ത് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഷീപാഡ് പദ്ധതിയുടെ ഭാഗമായി അദ്ധ്യാപക സംഗമവും മെഷീൻ വിതരണവും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ സെപ്റ്റംബർ ആറ് രാവിലെ 11 നാണ് പരിപാടി.

# താലൂക്ക് വികസന സമിതി

തൃശൂർ താലൂക്ക് വികസന സമിതി യോഗം സെപ്റ്റംബർ എഴിന് രാവിലെ 11 ന് താലൂക്ക് കോൺഫറൻസ് ഹാളിൽ ചേരും.

# പാൽ പരിശോധനയ്ക്ക് സൗകര്യം: ഉദ്ഘാടനം ഇന്ന് (സെപ്റ്റംബർ 5)

ക്ഷീരവികസന വകുപ്പ്, ജില്ലാ ഗുണനിയന്ത്രണ യൂണിറ്റ് എന്നിവ ഓണക്കാലത്ത് പാലിന്റെ ഗുണനിലവാര പരിശോധനകേന്ദ്രം ഒരുക്കുന്നു. സെപ്റ്റംബർ അഞ്ച് മുതൽ പത്ത് വരെ ചെമ്പൂക്കാവ് മിനി സിവിൽ സ്റ്റേഷനിലാണ് ജില്ലാ പരിശോധന കേന്ദ്രം തുറക്കുക. വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ, കർഷകസംഘം സാമ്പിളുകൾ, പാക്കറ്റ് സാമ്പിൾ, പൊതുജനങ്ങൾ കൊണ്ടുവരുന്ന സാമ്പിളുകൾ എന്നിവ സൗജന്യമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്താനുള്ള സൗകര്യം ഇവിടെയൊരുക്കും. ജില്ലാ ക്വാളിറ്റി ഇൻഫർമേഷൻ സെന്റർ ഇന്ന് (സെപ്റ്റംബർ അഞ്ച്) രാവിലെ പത്തിന് കോർപ്പറേഷൻ മേയർ അജിത വിജയൻ ഉദ്ഘാടനം ചെയ്യും. ചെമ്പൂക്കാവ് ഡിവിഷൻ കൗൺസിലർ കെ മഹേഷ് അദ്ധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് മുഖ്യപ്രഭാഷണം നടത്തും. മിൽമ ചെയർമാൻ പി എ ബാലൻ മാസ്റ്റർ, ക്ഷീരവികസന വകുപ്പ് അസി. ഡയറക്ടർ കെ എൽ സൈമൺ, വിവിധ ക്ഷീരസഹകരണ സംഘം പ്രതിനിധികൾ തുടങ്ങിയവർ ആശംസ നേരും. ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശാലിനി ഗോപിനാഥ് പദ്ധതി വിശദീകരിക്കും.

# റിപ്പബ്ലിക് ദിനാഘോഷം: പ്രസംഗ മത്സരത്തിൽ പങ്കെടുക്കാം

റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് നെഹ്റു യുവകേന്ദ്രയുടെ ആഭിമുഖ്യത്തിൽ ദേശീയ തലത്തിൽ യഥാക്രമം രണ്ട് ലക്ഷം, ഒരു ലക്ഷം, അര ലക്ഷം രൂപ, സമ്മാനത്തുകയും സംസ്ഥാന തലത്തിൽ 25000, 10000, 5000 രൂപയും ജില്ലാതലത്തിൽ 5000, 2000, 1000 രൂപ സമ്മാന തുകയുമുള്ള പ്രസംഗമത്സരത്തിലേക്ക് 18 മുതൽ 29 വരെ പ്രായപരിധിയിലുള്ള തൃശൂർ നിവാസികൾക്ക് പങ്കെടുക്കാം. മുൻ വർഷങ്ങളിൽ പങ്കെടുക്കാത്തവർക്ക് പങ്കെടുക്കാം. ദേശീയ-സംസ്ഥാന ജില്ലാതലത്തിൽ സമ്മാനതുകക്കൊപ്പം ഫലകവും സർട്ടിഫിക്കറ്റും ലഭിക്കും. ബ്ലോക്ക് തല വിജയികൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കും. ബ്ലോക്കുതലത്തിലെ വിജയികൾക്ക് ഒക്ടോബർ ആദ്യവാരത്തിൽ തൃശൂരിൽ വെച്ച് നടത്തുന്ന ജില്ലാതല മത്സരത്തിൽ പങ്കെടുക്കാം. നിശ്ചിത ഫോറത്തിൽ പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ച്, വയസ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ കോപ്പി, ആധാർ കാർഡിന്റെ കോപ്പി അല്ലെങ്കിൽ മറ്റേതെങ്കിലും ഐഡി കാർഡിന്റെ കോപ്പിയുമായി ബ്ലോക്ക് കേന്ദ്രീകരിച്ച് കോളേജുകളിലോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ നടത്തുന്ന മത്സരത്തിൽ പങ്കെടുക്കാം. ജില്ലാ തല മത്സര വിജയികൾക്ക് സംസ്ഥാനത്തും സംസ്ഥാന തല വിജയികൾക്ക് ദേശീയ തലത്തിലും മത്സരിക്കാൻ അവസരം ലഭിക്കും. 'രാജ്യ സ്നേഹവും രാഷ്ട്ര പുനർനിർമ്മാണവും' എന്ന വിഷയത്തിൽ ഇംഗ്ലീഷിലോ ഹിന്ദിയിലോ പരമാവധി 10 മിനിട്ട് പ്രസംഗിക്കാം. ഫോൺ: 0487 -2360355, 9745957575, 7902341473.

# ചേലക്കരയിൽ വ്യാജമദ്യ വില്പനയും വിതരണവും തടയാൻ നടപടി

ഓണഘോഷത്തോടനുബന്ധിച്ച് വ്യാജമദ്യവില്പനയും വിതരണവും, പുകയില ഉൽപ്പന്നങ്ങൾ, കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കളുടെ വിപണനവും വിതരണവും തടയുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമെന്ന് യു ആർ പ്രദീപ് എംഎൽഎ എക്സൈസ് ഉദ്യോഗസ്ഥരുടെ യോഗത്തിന് ശേഷം അറിയിച്ചു.

കൂടാതെ എക്സൈസ്, പോലീസ് ഫോറസ്റ്റ് എന്നീ വിഭാഗങ്ങളുടെ കൂട്ടായ റെയ്ഡുകൾ സംഘടിപ്പിക്കുക. സ്കൂൾ, കോളേജ്, പരിസരങ്ങളിൽ ഉള്ള കടകളിൽ പുകയില അടക്കമുള്ള ലഹരി വസ്തുക്കൾ വില്പന നടത്തുന്നില്ലെന്നും ഉറപ്പുവരുത്തും. സ്കൂളുകളിലെ ലഹരി വിമുക്ത ക്ലബുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും തീരുമാനമായിട്ടുണ്ട്.

കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ചേലക്കര മണ്ഡല പരിധിയിൽ 988 റെയിഡുകളിലായി 54 അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തു, 47 പ്രതികളെ അറസ്റ്റ് ചെയ്തു, 79.35 ലിറ്റർ വിദേശമദ്യവും 538 ലിറ്റർ വാഷും, 5 ലിറ്റർ ചാരായവും പിടികൂടി, 8.959 കിലോഗ്രാം കഞ്ചാവും, കടത്താൻ ഉപയോഗിച്ച രണ്ട് ബൈക്കും പിടികൂടി. 217 കേസ്സുകളിലായി 161.2 കിലോ പുകയില ഉൽപ്പന്നങ്ങളും പിടികൂടി നശിപ്പിച്ചു. ഇതിന് പിഴയായി 43400 രൂപ പിഴയായി ഈടാക്കി. ഇതിനെ തുടർന്ന് മദ്യമയക്കുമരുന്ന് ഉപയോഗത്തിനെതിരെ സ്കൂൾ, കോളേജ് കേന്ദ്രീകരിച്ച് 79 ബോധവൽക്കരണ ക്ലാസുകളും നടത്തി. ചേലക്കര മണ്ഡലത്തെ ലഹരി വിമുക്തമാക്കുകയാണ് ലക്ഷ്യമാക്കുന്നതെന്നും യു ആർ പ്രദീപ് എംഎൽഎ പറഞ്ഞു.

യോഗത്തിൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പഞ്ചായത്ത് പ്രസിഡന്റ് എം. പത്മകുമാർ, എക്സൈസ് ഇൻസ്പെക്ടർമാരായ ശ്രീജേഷ്, സി. തങ്കരാജ്, ചേലക്കര സി.ഡി.എസ്. ചെയർപേഴ്സൺ ശോഭന തങ്കപ്പൻ തുടങ്ങിയവർ പങ്കെടുത്തു.

# കുഴൂർ ഗ്രാമപഞ്ചായത്ത് ഉപതിരഞ്ഞെടുപ്പ്: യുഡിഎഫിന് ജയം

കുഴൂർ ഗ്രാമപഞ്ചായത്ത് നാലാം വാർഡ് ഉപതിരഞ്ഞെടുപ്പിൽ യുഡിഎഫിലെ നിത കൃഷ്ണൻ 118 വോട്ടിന് വിജയിച്ചു. വോട്ട് നില നിത ഉണ്ണികൃഷ്ണൻ (യു ഡി എഫ് 359), ജെസി പോളി ( എൽ ഡി എഫ് 241), ശൈലജ ഗോപകുമാർ (എൻ ഡി എ 168). ആകെ 1074 വോട്ടർമാരുള്ള വാർഡിൽ രണ്ടു ബൂത്തുകളിലായി 768 പേരാണ് വോട്ട് രേഖപ്പെടുത്തിയത്. യുഡിഎഫ് അംഗമായിരുന്ന പി.ശാന്തകുമാരിയുടെ നിര്യാണത്തെ തുടർന്നാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്. പതിനാല് അംഗങ്ങളുള്ള പഞ്ചായത്ത് ഭരണസമിതിയിൽ യുഡിഎഫ് ഏഴ്, എൽഡിഎഫ് അഞ്ചു, എൻഡിഎ രണ്ട് എന്നിങ്ങനെയാണ് കക്ഷി നില.

# അഴീക്കോട് മുനക്കൽ മുസിരീസ് ബീച്ചിൽ ഓണോൽസവം

അഴീക്കോട് മുനക്കൽ മുസിരീസ് ബീച്ചിൽ സെപ്തംബർ 11, 12 തിയ്യതികളിലായി ഓണോൽസവം നടത്തുവാൻ ജില്ലാ ഡെസ്റ്റിനേഷൻ മാനേജ്മെൻറ് കൗൺസിൽ തീരുമാനിച്ചു. സംസ്ഥാന ടൂറിസം വകുപ്പിന്റെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റേയും സഹകരണത്തോടെയാണ് രണ്ട് ദിവസങ്ങളിലായി ഓണോൽസവം സംഘടിപ്പിക്കുന്നത്. ഓണക്കളി, ഗാനമേള, വിവിധ കലാകായിക പരിപാടികൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. 11 ന് മഹാബലി പ്രച്ഛന്ന വേഷ മത്സരവും 12 ന് പൂക്കള മത്സരവും ഉണ്ടായിരിക്കും. വിജയികൾക്ക് ക്യാഷ് പ്രൈസ് സമ്മാനമായി നൽകും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 9946741855,9562004600 എന്നീ നമ്പറുകളിൽ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

## ഇക്കോ ടൂറിസം ഇ-ടിക്കറ്റിംഗ് സംവിധാനം: ഉദ്ഘാടനം ഇന്ന് (സെപ്റ്റംബർ 5)

സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കാനുള്ള ടിക്കറ്റുകൾ ഇനി ഓൺലൈനിലും. തടിയൊഴികെയുള്ള വന ഉൽപന്നങ്ങളും ഓൺ ലൈൻ വനശ്രീ ഇക്കോഷോപ്പുകളിലൂടെ ലോകത്താകെമാനം ലഭ്യമാകുന്ന സംവിധാനത്തിനും ഇന്ന് തുടക്കമാകും. ഇതിനായുള്ള മൊബൈൽ ആപ്പിന്റെ പ്രകാശനവും, പദ്ധതിയുടെ ഉദ്ഘാടനവും വനം വന്യജീവി വകുപ്പ് മന്ത്രി അഡ്വ കെ രാജു ഇന്ന് (സെപ്റ്റംബർ 5) രാവിലെ 11ന് തിരുവനന്തപുരത്ത് നിർവഹിക്കും. വനംവകുപ്പിന്റെ ഒദ്യോഗിക വെബ്സൈറ്റായ www.forest.kerala.gov.in, ഇക്കോ ടൂറിസം വെബ്സൈറ്റായ www.keralaforestecotoursim.com എന്നിവയിലും കേരള ഫോറസ്റ്റ് ഇക്കോ ടൂറിസം എന്ന മൊബൈൽ ആപ്പ് വഴിയും ടിക്കറ്റുകൾ ബുക്കു ചെയ്യാനും ഉൽപന്നങ്ങൾ വാങ്ങുവാനും സാധിക്കും. സംസ്ഥാനത്താകെയുള്ള 60 ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ 25 എണ്ണത്തിലാണ് ആദ്യഘട്ടമെന്ന നിലയിൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം നടപ്പിലാക്കുക. തിരുവനന്തപുരം വനശ്രീ ഇക്കോ ഷോപ്പ് സംസ്ഥാനത്തെ ആദ്യത്തെ ഓൺലൈൻ ഇക്കോ ഷോപ്പാകും. ഒരുമാസത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും വനശ്രീ യൂണിറ്റുകളിലും ഓൺലൈൻ സൗകര്യം ലഭ്യമാക്കും.

## ജില്ലാ തുടർ വിദ്യാഭ്യാസ കലോത്സവം: സംഘാടക സമിതി രൂപീകരിച്ചു

ജില്ലാ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ ജില്ലാ തുടർ വിദ്യാഭ്യാസ കലോത്സവം സെപ്റ്റംബർ 28, 29 തിയ്യതികളിലായി തൃശ്ശൂർ ഗവ. മോഡൽ ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ നടത്താൻ സംഘാടക സമിതി രൂപീകരിച്ചു. സാക്ഷരതാ തുല്യതാ പഠിതാക്കൾ പ്രേരക് മാർ ഇൻസ്ട്രക്ടർമാർ ഇതരഭാഷാ തൊഴിലാളികൾ, ട്രാൻസ്ജെൻഡർ വിഭാഗം എന്നിവർ മത്സര ത്തിൽ പങ്കെടുക്കും. ബ്ലോക്ക്തലത്തിൽ ഒന്നാം സമ്മാനം ലഭിക്കുന്ന ടീമാണ് ജില്ലാതലത്തിൽ പങ്കെടുക്കുക. സംഘാടക സമിതി രൂപീകരണം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേ ഴ്സൺ മഞ്ജുളാരുണൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ കെ ഉദയപ്രകാശൻ, കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ കരോളി ജോഷ്വ സാക്ഷരതാ മിഷൻ എക്സിക്യൂട്ടീവ് അംഗം കാവുമ്പായി ബാലകൃഷ്ണൻ, ജില്ലാ പഞ്ചാ യത്ത് സെക്രട്ടറി ഉഷാ നന്ദിനി, അസി.കോ-ഓർഡിനേറ്റർ പി.എൻ ബാബു, എം.കെ പശുപതി, പി.ജെ കുര്യൻ, ഡേവിഡ് സ്റ്റീഫൻ മാസ്റ്റർ, ഇ.എം സദാനന്ദൻ എന്നിവർ സംസാരിച്ചു. സാക്ഷ രതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ വി.വി ശ്യാം ലാൽ സ്വാഗതവും അസി. കോ-ഓർഡിനേറ്റർ കൊച്ചുറാണി മാത്യു നന്ദിയും പറഞ്ഞു. ജില്ലയിലെ എംപിമാർ, മന്ത്രിമാർ, ചീഫ് വിപ്പ്, എംഎൽഎമാർ, മേയർ എന്നിവർ രക്ഷാധികാരികളും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സാക്ഷരതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ജനറൽ കൺവീനറും ആയും ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഖജാൻജി ആയി സംഘാടക സമിതിയും വിവിധ സബ് കമ്മിറ്റികളും രൂപീകരിച്ചു.സംസ ഥാന തുടർ വിദ്യാഭ്യാസ കലോത്സവം ഒക്ടോബറിൽ തിരുവനന്തപുരത്ത് വെച്ച് നടക്കും.

## പ്രഭാതഭക്ഷണ പരിപാടിയിൽനിന്ന് ഒഴിവാക്കിയെന്നത് വാസ്തവ വിരുദ്ധം: ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്

ശാന്തിപുരം എം.എ.ആർ.എം ഗവ. ഹയർ സെക്കൻഡറി സ്കൂളിനെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ പ്രഭാതഭക്ഷണ പരിപാടിയിൽനിന്ന് ഒഴിവാക്കിയെന്ന വാർത്ത വാസ്തവ വിരുദ്ധമാണെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ഇ.കെ. മല്ലിക വാർത്താ കുറിപ്പിൽ അറിയിച്ചു. ശാന്തിപുരം എം.എ.ആർ.എം ഗവ. ഹയർ സെക്കൻഡറി സ്കൂൾ ജില്ലാ പഞ്ചായത്തിന്റെ കീഴിലാണ്. കേരള സർക്കാറിന്റെ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ് കൂളുകളിൽ മാത്രമേ പ്രഭാതഭക്ഷണം നൽകാൻ കഴിയൂ. ജില്ലാ പഞ്ചായത്തിന്റെ കീഴിലെ സ്

കൂളുകളുടെ പശ്ചാത്തല വികസന പ്രൊജക്ടുകൾ മാത്രമേ ജില്ലാ പഞ്ചായത്തിന്റെ സമ്മതത്തോടെ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാൻ സാധിക്കൂ. കഴിഞ്ഞ രണ്ട് വർഷമായി ഗ്രാമപഞ്ചായത്തിന് കീഴിലെ ആറ് ഗവ. എൽ.പി സ്കൂളുകളിലെ മുഴുവൻ വിദ്യാർഥികൾക്കും പ്രഭാതഭക്ഷണം നൽകിവരുന്നുണ്ട്. ശാന്തിപുരം എം.എ.ആർ.എം സ്കൂളിലെ എൽ.പി വിഭാഗം കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകേണ്ട ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തിന് ഇല്ലെന്ന് അറിഞ്ഞുകൊണ്ടാണ് ഇത്തരം പ്രചാരണമെന്നും പത്രക്കുറിപ്പിൽ പറഞ്ഞു.

## കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ കട്ടിൽ വിതരണം നടന്നു

കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ 2018-2019 സാമ്പത്തിവർഷത്തിലെ 'വൃദ്ധർക്ക് കട്ടിൽ' എന്ന പദ്ധതി പ്രകാരം 87 ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം ചെയ്തു. ആകെ 378450 രൂപയാണ് പദ്ധതി നിർവ്വഹണത്തിനായി വകയിരുത്തിയത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 130500 രൂപയുടെ ധനസഹായത്താൽ 30 കട്ടിലുകളും തുടർന്ന് 247950 രൂപ വകയിരുത്തി 57 കട്ടിലുകളുമാണ് വിതരണം ചെയ്തത്. പഞ്ചായത്തിൽ നടന്ന വിതരണ ചടങ്ങ് പഞ്ചായത്ത് പ്രസിഡണ്ട് സുലേഖ പ്രദീപ് ഉദ്ഘാടനം ചെയ്തു. വൈസ്പ്രസിഡണ്ട് പി ആർ. വിശ്വനാഥൻ അദ്ധ്യക്ഷത വഹിച്ചു. സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരായ പി.ആർ. പ്രകാശൻ, പി.സി.പ്രശാന്ത്, ധന്യസുരേഷ്, സെക്രട്ടറി എം ജയലക്ഷ്മി മെമ്പർമാരായ കെ.എസ്. ബിബിൻ കുമാർ, കെ.സന്തോഷ്, എൻ.പി. ശ്രീജ, ടി. രവീന്ദ്രൻ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എം.കെ.ബീന എന്നിവർ പ്രസംഗിച്ചു.

## ഓണം: എക്സ്ഗ്രേഷ്യ
## വിതരണം ചെയ്യുന്നു

ജില്ലയിൽ ഒരു വർഷത്തിലധികമായി പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 2019 ലെ ഓണത്തോടനുബന്ധിച്ച് സർക്കാർ അനുവദിച്ച എക്സഗ്രേഷ്യ വിതരണം ചെയ്യുന്നു. ഹാരിഷ് യാൺസ്, പെരിങ്ങണ്ടൂർ നിഥിൻ സ്പിന്നേഴ്സ്, പെരിങ്ങണ്ടൂർ രോഹിത് കോട്സ്, ഒല്ലൂർ ഇടിഎം വൈദ്യശാല, അത്താണി ഫോസ്റ്റർ മാർക്കറ്റിങ് പ്രൈ. ലി., താണിക്കുടം ഭഗവതി മിൽ, പുതുക്കാട് വിക്ടർ റബർ ഇൻഡസ്ട്രീസ്, കടുപ്പശ്ശേരി ഫ്രെഷ് കോക്കനട്ട് പ്രോഡക്ട്സ്, കുന്നംകുളം ബയോ റിസർച്ച് ലാബ്, മരത്താക്കര സെന്റ് സിറിയക് ടൈൽസ്, കോലഴി സൺടെക് ട്യൂബ്സ്, പുത്തൻചിറ മൈക്രോവേവ് പ്രൊഡക്ട്സ്, കൊരട്ടി വൈഗ ത്രെഡ് പ്രോസസേഴ്സ്, ചന്ദ്രിക ടൈൽ വർക്സ്, ഒല്ലൂക്കര ബ്ലോക്ക് ഡിഫൈബറിങ് മിൽ ലി നമ്പർ ആർ 937, മണലൂർ കയർ വ്യവസായ സഹകരണ സംഘം ലി നമ്പർ ആർ 592, വെള്ളാങ്കല്ലൂർ ബ്ലോക്ക് ഡിഫൈറിങ് വർക്കേഴ്സ് വ്യവസായ സഹകരണ സംഘം ലി നമ്പർ 906, മാള പട്ടികജാതി ഡീഫൈറിങ് ഇൻഡസ്ട്രിയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ ആർ 914, മുനയ്ക്കൽക്കടവ് കയർ വ്യവസായ സഹകരണ സംഘം ലി. നമ്പർ 518, പൊയ്യ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 585, ആല കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 142 എന്നീ 21 സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ബാങ്ക് അക്കൗണ്ട് മുഖേനയാണ് തുക വിതരണം ചെയ്യുന്നത്. ബാങ്ക് അക്കൗണ്ട് വിവരം ഹാജരാക്കാത്ത തൊഴിലാളികൾക്ക് ബാങ്ക് പാസ് ബുക്ക്, ഇഎസ്ഐ കാർഡ്, ആധാർ കാർഡ് എന്നിവയുടെ പകർപ്പ് ഹാജരാക്കി രശീതി നൽകി തുക തൃശൂർ അയ്യന്തോളിലെ സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ ലേബർ ഓഫീസിൽ നിന്നും സെപ്റ്റംബർ അഞ്ച് മുതൽ എഴ് വരെ തുക കൈപ്പറ്റാമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു. ഫോൺ: 0487 2360649.

## കുടുംബശ്രീ ഓണം വിപണനമേള
## ഇന്ന് (സെപ്റ്റംബർ 5) മുതൽ

കുടുംബശ്രീ ഹോംമെയ്ഡ് ഉൽപ്പന്നങ്ങളുമായി ഓണം വിപണനമേള സംഘടിപ്പിക്കുന്നു. ഇന്നും (സെപ്റ്റംബർ 5) നാളെയുമായി (സെപ്റ്റംബർ 6) സിവിൽ സ്റ്റേഷൻ താഴത്തെ നിലയിലുള്ള പ്രധാന കവാടത്തിൽ സംഘടിപ്പിക്കുന്ന മേള ജില്ലാ കളക്ടർ എസ് ഷാനവാസ് ഉദ്ഘാടനം ചെയ്യും. ആദ്യ വിൽപന എഡിഎം റെജി പി ജോസഫ് നിർവഹിക്കും. കുടുംബശ്രീ സംരംഭകർ ഉത്പാദിപ്പിക്കുന്ന കായ ഉപ്പേരി, ശർക്കര വരട്ടി, ഉണ്ണിയപ്പം, അവുലോസ് പൊടി, മുളകുപൊടി, മല്ലി

പ്പൊടി, മഞ്ഞൾപ്പൊടി, കുരുമുളക് പൊടി, മസാലപ്പൊടി, പുളിയിഞ്ചി, വെളിച്ചെണ്ണ, പപ്പടം, വിവിധ തരം അച്ചാറുകൾ, സ്‌ക്വാഷുകൾ, കേക്ക്, കുക്കീസ്, അരി ഹൽവ, വിവിധ തരം കൊണ്ടാട്ടങ്ങൾ, വിവിധ പലഹാരങ്ങൾ, കുടകൾ, പെർഫ്യൂമുകൾ, ഫാൻസി ആഭരണങ്ങൾ, പപ്പായ സോപ്പ്, മിൽക്ക് ഷാമ്പൂ, ഹോംകെയർ ഉൽപന്നങ്ങൾ, വിവിധ ബാഗുകൾ, കുത്താമ്പുള്ളി തുണിത്തരങ്ങൾ എന്നിവ മേളയിൽ ഉണ്ടായിരിക്കും. രാവിലെ 9.30 മുതൽ വൈകീട്ട് 5.30 വരെയാവും മേള.